# ഐക്യ ജനാധിപത്യ മുന്നണി ഗതികേടിൽ

ഇ എം എസ് നമ്പൂതിരിപ്പാട്

320-954
AIK

ഇന്ത്യൻ കമ്യൂണിസ്റ്റ് പാർടി (മാർക്സിസ്റ്റ്)
കേരള സംസ്ഥാന കമ്മിററി
തിരുവനന്തപുരം
വില : 2 രൂപ

aikya janadhipatia munnani gathikedil ✽ ems namboothiripad ✽ published by communist party of india (marxist) kerala state committee ✽ first published July 1989 ✽ distributed by deshabhimani book house, trivandrum ✽ printed at pratheeksha, trivandrum — 13

price: rupees two

വിതരണം :

**ദേശാഭിമാനി ബുക്ക് ഹൗസ്**

തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ
എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ

J931

# ഐക്യ ജനാധിപത്യ മുന്നണി ഗതികേടിൽ

ഇ. എം. എസ്. നമ്പൂതിരിപ്പാട്

## മലർപൊടി രാഷ്ട്രീയം

ലോകസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരഭ്രഷ്ടമാവുമെന്നും കോൺഗ്രസ് വീണ്ടും അധികാരത്തിലെത്തുമെന്നും ഇന്ദിരാ കെ പി സി സി പ്രസിഡൻറ് എ കെ ആൻറണി ഏതാനും ആഴ്ചകൾക്കു മുമ്പ് വീമ്പിളക്കുകയുണ്ടായല്ലൊ.

ഒരു അതിപ്രധാനമായ രാഷ്ട്രീയ പ്രഖ്യാപനമെന്ന നിലക്ക് ചില മലയാളപത്രങ്ങൾ ഇതിന് വലിയ പ്രാധാന്യം നൽകി. എന്താണിതിനർഥമെന്ന് കണ്ടുപിടിക്കാൻ അവർ കൊണ്ടുപിടിച്ച ശ്രമം നടത്തി. എന്തോ ഒന്ന് കണ്ടിട്ടാണ് ആൻറണി ഇത് പറഞ്ഞത്. അതിൻെറ പൊരുൾ കണ്ടുപിടിക്കുന്നത് തങ്ങളുടെ ചുമതലയാണ് എന്ന നിലയിലാണ് അവർ പല ഊഹാപോഹങ്ങളും നടത്തിയത്.

എന്നാൽ കാര്യവിവരമുള്ളവർക് ഇത്രയൊന്നും ചുഴിഞ്ഞ് ആലോചിക്കേണ്ട ആവശ്യമില്ല. രണ്ടുവർഷത്തിലേറെക്കാലമായി 'അധികാരത്തിൻെറ ശീതളഛായ'ക്ക് വെളിയിൽ നിൽകുന്ന ആൻറണിയും കൂട്ടരും ഇടതുപക്ഷ ജനാധിപത്യ ഗവൺമെൻറിനെ താഴത്തിറക്കാൻ പതിനെട്ടടവും പയററിനോക്കി. അതൊന്നും ഫലിക്കുന്നില്ലെന്ന് കാണുമ്പോൾ അണികൾക്കുണ്ടാകുന്ന മോഹഭംഗം തീർകാൻ നടത്തിയ ഒരു പ്രയോഗം മാത്രമാണിത്.

കേരള രാഷ്ട്രീയത്തിൽ നിന്ന് തൽകാലം ഒഴിഞ്ഞ് അഖിലേന്ത്യാ കോൺഗ്രസ് കമ്മിററിയുടെ ജനറൽ സെക്രട്ടറിയായി ആൻറണി പ്രവർത്തിക്കുന്ന കാലത്താണല്ലൊ അദ്ദേഹത്തിൻെറ പാർടിക്ക് കേരളത്തിൽ ഭരണം നഷ്ടപ്പെട്ടത്. ആ

320.954 AIK



സംഭവം നടന്ന നിമിഷംതൊട്ട് പുതിയ ഇടതുപക്ഷ - ജനാധിപത്യ ഗവൺമെൻറിനെ അധികാരഭ്രഷ്ടമാക്കാൻ പല ഉപായങ്ങളും കരുണാകരനും കൂട്ടരും പ്രയോഗിച്ചു തുടങ്ങി. നായനാർ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുന്നതിന് മുമ്പുതന്നെ അദ്ദേഹത്തിൻെറ മണ്ഡലത്തിൽപെട്ട ചീമേനിയിൽ അതിനീചമായ കൂട്ടക്കൊലയും കൊള്ളിവെപ്പും മററും കരുണാകരൻെറ കൂട്ടുകാർ സംഘടിപ്പിച്ചു. അതേ അവസരത്തിൽ "നായനാർ ഭരണത്തിന് കീഴിൽ ജീവനും സ്വത്തിനും രക്ഷയില്ലെ" ന്ന മുറവിളി അവർ സംസ്ഥാന വ്യാപകമായി മുഴക്കി. അതു മുതൽകിന്നേവരെ അവരുടെ സ്ഥിരം പല്ലവിയാണ് "ക്രമസമാധാനത്തകർച്ച" എന്നത്. അതിൻെറ പേരിൽ ജനങ്ങളെ നായനാർ ഗവൺമെൻറിനെതിരായി അണിനിരത്താൻ നോക്കി.

പിന്നീട് നായനാർ ഗവൺമെൻറ് എടുത്ത ഏത് പുതിയ നടപടിയെയും പ്രഖ്യാപിച്ച ഏത് പുതിയ നയത്തെയും എതിർത്തുകൊണ്ട് ജനങ്ങളെ ഗവൺമെൻറിനെതിരായി ഇളക്കിവിടുന്നത് അവരുടെ പതിവായിത്തീർനു.

ധനമന്ത്രി അവതരിപ്പിച്ച പുതിയ ബജററിലെ നികുതി നിർദേശങ്ങൾക്കെതിരെ കച്ചവടക്കാരെ ഇളക്കിവിട്ടു.

കേന്ദ്രഗവൺമെൻറിൻെറ പിടിപ്പുകേട് നിമിത്തം രാജ്യത്താകമാനം ഉണ്ടാകുന്ന വിലക്കയററം കേരളത്തിൽ മാത്രമേ ഉള്ളുവെന്നും അതിന് ഉത്തരവാദി നായനാർ ഗവൺമെൻറാണെന്നും തട്ടിമൂളിച്ച് പ്രചണ്ഡമായ പ്രക്ഷോഭ കൊടുങ്കാററ് അവർ അഴിച്ചുവിട്ടു.

നായനാർ ഗവൺമെൻറിൻെറ എക്സൈസ് നയത്തിനെതിരെ സമരം സംഘടിപ്പിച്ചു.

അങ്ങനെ തൊട്ടതിനും പിടിച്ചതിനുമെല്ലാം നായനാർ ഗവൺമെൻറിനെ കുററം പറയുകയും അതിനെതിരെ സമരം സംഘടിപ്പിക്കുകയും ചെയ്യുന്നത് അവരുടെ പതിവായി തീർനു. 'വാഗ്ദത്ത തൊഴിൽ എവിടെ'? "എ കെ ജി സെ

ൻറ മാർക്സിസ്റ്റ് പാർടി കയ്യൊഴിയണം'' തൊട്ട്, ഒട്ടേറെ അയഥാർഥ പ്രശ്നങ്ങളെച്ചൊല്ലി രാജ്യത്ത് കോളിളക്കം ഉണ്ടാക്കാൻ നോക്കി.

കരുണാകര ഭരണ കാലത്ത് പൂട്ടിക്കിടന്ന മാവൂർ ഫാക്ടറി നായനാർ ഗവൺമെൻറ് വന്ന ഉടനെ തുറക്കാത്തതിനെതിരെ 'രൂക്ഷസമരം' അവർ സംഘടിപ്പിച്ചു. എന്നാൽ, ഗവൺമെൻറിൻെറ നിരന്തര പരിശ്രമം മൂലം ഫാക്ടറി തുറന്നപ്പോഠം മാവൂർ മുതലാളിക്ക് രാജ്യതാൽപര്യം അടിയറ വെച്ചെന്ന പരാതിയുമായി അവർ ഇറങ്ങിത്തിരിച്ചു.

കശുഅണ്ടികൃഷിക്കാരെ രക്ഷിക്കാനെന്നപേരിൽ അണ്ടിക്കമ്പനി മുതലാളിമാരെ രക്ഷിക്കാനുള്ള ഒരു മഹാപ്രക്ഷോഭവുമായി അവർ രംഗത്തിറങ്ങി.

ഇതൊന്നും ഏശുന്നില്ലെന്ന് കാണാൻ തുടങ്ങിയപ്പോഴാണ് മുമ്പ് കേരളത്തിൽ നിന്ന് കെട്ടുകെട്ടി അഖിലേന്ത്യാ കേന്ദ്രത്തിൽ എത്തിയ ആൻറണിയെ കേരളത്തിലെ 'സമര സംഘാടക'നായി രാജീവ്ഗാന്ധി ഇങ്ങോട്ട് കെട്ടിയെടുത്തത. ആൻറണിയാകട്ടെ, ഇവിടെ എത്തിയ നിമിഷത്തിൽ തന്നെ നായനാർഗവൺമെൻറിനെതിരെ 'നിരന്തരസമരം' പ്രഖ്യാപിക്കുകയും ചെയ്തു.

ഗവൺമെൻറ് താഴെത്തിറങ്ങുന്നതുവരെ സ്ഥിരമായി സമരം തന്നെ. നിയമസഭക്കകത്ത് ഇറങ്ങിപ്പോക്ക് സമരം, പത്രപംക്തികളിൽ പ്രസ്താവനാസമരം, സംസ്ഥാനത്താകമാനം ഘോഷയാത്രകളും റാലികളും, എല്ലാം ഒരൊററ ലക്ഷ്യം വെച്ച്—നായനാർ ഗവൺമെൻറിനെ താഴത്തിറക്കുക.

ഈ പരിപാടി നടപ്പിൽവരുത്തുന്നതിന് 'പഴഞ്ചൻ'നായ കരുണാകരനെ അപേക്ഷിച്ച് 'യുവകേസരി'യായ ആൻറണിക്ക് കഴിയുമെന്ന പ്രതീതി ഉളവാക്കാൻ ''മനോരമ'' ''മാതൃഭൂമി'' പ്രഭൃതികഠം കഴിവുള്ളതെല്ലാം നോക്കി. ഫണ്ടു പിരിവിൻെറ പേരിൽ, പ്രചാരണജാഥയുടെ പേരിൽ, മററ് ഏതെല്ലാം പേരിൽ കഴിയുമോ അതിനെയെല്ലാം മുൻനിർ

തി നാട്ടിൽ കോളിളക്കം ഉണ്ടാക്കാൻ ആൻറണിയും കൂട്ടുകാരും കൊണ്ടുപിടിച്ച് ശ്രമിച്ചു.

ആദ്യം കരുണാകരൻ തുടങ്ങിവെച്ച് പിന്നെ ആൻറണി മുന്നോട്ടുകൊണ്ടുപോയ ഈ പരിപാടി അമ്പേ പൊളിഞ്ഞുവെന്ന പരാജയ പ്രഖ്യാപനമാണ് ഈ ലേഖനത്തിൻെറ തുടക്കത്തിൽ പരാമർശിച്ച ആൻറണിയുടെ ദീർഘദർശനം. നിരന്തരസമരത്തിൻെറ ഫലം നിരന്തര പരാജയമാണ്. ഈ ഗതികേടിൽ നിന്ന് രക്ഷപ്പെടണമെങ്കിൽ തെരഞ്ഞെടുപ്പിൽ ജയിക്കുകതന്നെ.

എന്നുവെച്ചാൽ ലോകസഭാതെരഞ്ഞെടുപ്പ് നടക്കുമ്പോഠ കേന്ദ്രത്തിൽ രാജീവ് ഗാന്ധി വീണ്ടും ബഹുഭൂരിപക്ഷത്തോടെ അധികാരത്തിൽ വരും; കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി പരാജയപ്പെടും; അങ്ങനെ വന്നാൽ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട നായനാർ ഗവൺമെൻറിനോട് രാജിവെക്കാൻ കേന്ദ്രത്തിൽ ജയിച്ച രാജീവ് ഗാന്ധിയുടെ ഗവൺമെൻറ് ആവശ്യപ്പെടും; രാജിവെച്ചില്ലെങ്കിൽ 1977-ൽ മൊറാർജിദേശായിയും 1980-ൽ ഇന്ദിരാഗാന്ധിയും ചെയ്തതുപോലെ കേരളമടക്കം പ്രതിപക്ഷനേതൃത്വത്തിലുള്ള എല്ലാ സംസ്ഥാന ഗവൺമെൻറുകളെയും പിരിച്ചുവിടും — ഇതാണ് വാദഗതി.

ആൻറണിയുടെ ഉദ്ദേശ്യം ഇങ്ങനെ സംഗ്രഹിക്കാം: കരുണാകരനും ആൻറണിയും സംഘടിപ്പിച്ച നിരന്തരസമരം പരാജയപ്പെട്ടിടത്ത് തെരഞ്ഞെടുപ്പ് വിജയിക്കും. സമരങ്ങളിലൂടെ താഴത്തിറക്കാൻ കഴിയാതെ നായനാർഗവൺമെൻറിനെ രാജീവ് ഗവൺമെൻറ് പിരിച്ചുവിടും. ഈ ചിന്താഗതിയെയാണ് ഈ ലേഖനത്തിൻെറ തലക്കെട്ടിൽ “മലർപൊടി രാഷ്ട്രീയം” എന്ന് വിളിച്ചത്.

ഈ കാഴ്ചപ്പാട് അനുസരിച്ച് കാര്യങ്ങഠ നടക്കണമെങ്കിൽ ലോകസഭാതെരഞ്ഞെടുപ്പിനെ തുടർന്ന് രാജീവ് ഗാന്ധിക്ക് മുൻതെരഞ്ഞെടുപ്പിൽ എന്നപോലെ അതിഗംഭീ

രമായ വിജയം ഉണ്ടാകണം. കേരളത്തിലാകട്ടെ, ഇടതുപക്ഷ ജനാധിപത്യമുന്നണി മുൻതെരഞ്ഞെടുപ്പിനേക്കാൾ ഒട്ടും കുറയാത്തവിധത്തിൽ പരാജയപ്പെടണം. ഇത് രണ്ടും നടക്കുമെന്ന് സ്വപ്നം കാണുന്ന ആൻറണിയും അദ്ദേഹത്തിൻെറ വാക്കുകേട്ട് വിശ്വസിച്ച് അടുത്തഭാവിയിലേക്ക് കൊതിയോടെ നോക്കുന്ന അദ്ദേഹത്തിൻെറ അനുയായികളും ഏതുലോകത്തിലാണ് ജീവിക്കുന്നതെന്ന് സാധാരണക്കാർ സംശയിച്ചുപോകും.

രാജീവ് കോൺഗ്രസിന് അതിഗംഭീരമായ വിജയം നേടാൻ കഴിഞ്ഞ മുൻ തെരഞ്ഞെടുപ്പിനു ശേഷം ഈ രാജ്യത്ത് എന്തു നടന്നു? ആ തെരഞ്ഞെടുപ്പിൽ അഭിമാനാർഹമായി ജയിച്ച എത്ര സംസ്ഥാനങ്ങൾ ഈ അഞ്ച് വർഷത്തിനിടക്ക് ആ കോൺഗ്രസിന് നഷ്ടപ്പെട്ടു?

കേരളത്തിൽ വെറും മൂന്ന് ലോകസഭാസീററുകൾ കിട്ടിയ ഇടതുപക്ഷ-ജനാധിപത്യമുന്നണിക്ക് പിന്നത്തെ നിയമസഭാതെരഞ്ഞെടുപ്പിൽ എത്ര വോട്ടും സീററും കിട്ടി? തുടർന്ന് നടന്ന ഉപതെരഞ്ഞെടുപ്പുകൾ, പഞ്ചായത്ത്, മുനിസിപ്പൽ, കോർപറേഷർ തെരഞ്ഞെടുപ്പുകൾ എന്നിവയുടെ ഫലം എന്തു കാണിക്കുന്നു?

ജനങ്ങളെ സംഘടിപ്പിച്ച് അണിനിരത്താനുള്ള കഴിവിൻെറ പ്രകടനമായി കണക്കാക്കാറുള്ള ബഹുജന റാലികൾ തമ്മിൽ താരതമ്യപ്പെടുത്തിയാലത്തെ സ്ഥിതിയെന്ത്? ഉദാഹരണത്തിന് സിപിഐ (എം) പതിമൂന്നാം കോൺഗ്രസ് കഴിഞ്ഞുനടന്ന റാലി, ഇന്ദിരാ കോൺഗ്രസിൻെറ കേരള സമ്പൂർണ്ണ സമ്മേളനത്തോടനുബന്ധിച്ച് നടന്ന റാലി, തുടർന്ന് നടന്ന ഡി വൈ എഫ് ഐ റാലി എന്നിവ അന്യോന്യം താരതമ്യപ്പെടുത്തി നോക്കിയാൽ കോൺഗ്രസാണോ ഇടതുപക്ഷമാണോ വളരുന്നതെന്ന് കാണാൻ കഴിയും.

ആൻറണിക്കും കൂട്ടർകും ഒരൊററ മറുപടിയേ ഉള്ളു: ഐക്യജനാധിപത്യമുന്നണിക്കകത്തെ സൗന്ദര്യപ്പിണക്കം നി

മിത്തമാണ് 1987-ൽ ആ മുന്നണി പരാജയപ്പെട്ടത്; ആ പ്രശ്നം പരിഹരിച്ച് മുന്നണി കൂടുതൽ ഐക്യത്തോടെ ഇപ്പോൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അന്നത്തെ നിയമസഭാ തെരഞ്ഞെടുപ്പിൻെറ ഫലമല്ല ഇപ്പോഴത്തെ ലോകസഭാതെരഞ്ഞെടുപ്പിൽ കേരളത്തിൽ ഉണ്ടാകാൻ പോകുന്നത്.

അഖിലേന്ത്യാതലത്തിലാകട്ടെ 'യുവനേതാവ്' ആയ രാജീവ് ഗാന്ധിയുടെ നേതൃത്വം കോൺഗ്രസിന് ഒരു പുതുജീവൻ നൽകിയിട്ടുണ്ട്. വെളിയിൽ നിന്നിരുന്ന പല മുൻ കോൺഗ്രസുകാരും ഇപ്പോൾ തറവാട്ടിലേക്ക് വന്നു കൊണ്ടിരിക്കുകയാണ്. കൂടാതെ, നെഹ്റു തൊഴിൽദാന പദ്ധതി, പഞ്ചായത്തുരാജ് ബിൽ മുതലായ പല നടപടികളും മൂലം നാട്ടിൻപുറങ്ങളിലെ പട്ടിണിപ്പാവങ്ങൾ കോൺഗ്രസിനോടടുത്തിരിക്കുന്നു.

അതുകൊണ്ട് ലോകസഭാതെരഞ്ഞെടുപ്പിൽ 1984 ഡിസംബർ ആവർത്തിക്കുകയും കേരളത്തിൽ 1987-ന് തിരിച്ചടി ലഭിക്കുകയും ചെയ്യും.

ഈ കണക്കുകൂട്ടലും രാജ്യത്തെ രാഷ്ട്രീയ യാഥാർത്ഥ്യവും തമ്മിൽ എത്ര അകലമുണ്ടെന്ന് പരിശോധിക്കാനാണ് ഈ ലേഖനപരമ്പരയിൽ ഞാൻ മുതിരുന്നത്. അതിലേക്ക് കടക്കുന്നതിന് മുമ്പുതന്നെ കേരള രാഷ്ട്രീയം സംബന്ധിച്ച് അനിഷേധ്യമായ ഒരു സത്യം എടുത്തുപറയേണ്ടതുണ്ട്.

1957 തൊട്ട് ഇതേവരെ ഒരിക്കലും കോൺഗ്രസ് ഒററക്ക് കേരളം ഭരിച്ചിട്ടില്ല. അതിനുള്ള ശ്രമം നടത്തിയ ഒരേ സന്ദർഭം 1967 ആണ്. അന്നാകട്ടെ അതിദയനീയമായി പരാജയപ്പെടുകയും ചെയ്തു. ആ സ്ഥിതിയിൽ നിന്ന് ഒരൊററ കക്ഷിയെന്നനിലക്ക് കോൺഗ്രസ് രക്ഷപ്പെട്ടിട്ടുണ്ടെന്ന് ആൻറണിയും കരുണാകരനുംപോലും അവകാശപ്പെടുകയില്ല.

അതിനവർ മുതിരുകയാണെങ്കിൽ ആദ്യം ചെയ്യേണ്ടത് കമ്യൂണിസ്ററ് പാർടിയെ പരാജപ്പെടുത്താൻവേണ്ടി മുപ്പതു വർഷം മുമ്പ് ഉണ്ടാക്കിയ ലീഗ് കൂട്ടുകെട്ട് അവസാനി

പ്പിക്കുകയാണ്. ഇന്ദിരാകോൺഗ്രസിനും ആ അഭിപ്രായം ഉണ്ടെന്നും എന്നാൽ അക്കാര്യത്തിൽ കോൺഗ്രസിനകത്തുതന്നെ അഭിപ്രായവ്യത്യാസമുണ്ടെന്നുമാണ് എ ഐ സി സി-(ഇ) ജനറൽ സെക്രട്ടറി കെ എൻ സിങ്ങ് ഹൈദ്രബാദിൽ പറഞ്ഞത്. പക്ഷെ ഇപ്പറഞ്ഞതൊന്നും കേരളത്തിലെ കരുണാകര - ആൻറണി പ്രഭൃതികൾക്ക് രസിക്കില്ലെന്നത് മറെറാരു കാര്യം.

ആൻറണിക്കുതന്നെ തൻെറ 'മലർപൊടി' രാഷ്ട്രീയം വിജയിക്കുമെന്ന പ്രതീക്ഷ ഉണ്ടാകണമെങ്കിൽ ഇന്നത്തെ ഐക്യജനാധിപത്യമുന്നണി യാതൊരു കോട്ടവും കൂടാതെ തുടരണം. മലബാർ പ്രദേശത്ത് മുസ്ലിം ലീഗിൻെറയും തിരു - കൊച്ചി പ്രദേശത്ത് കേരളാകോൺഗ്രസിൻെറയും പൂർണമായ പിന്തുണ തുടർന്നും കിട്ടിയാൽ മാത്രമെ ആൻറണിയുടെ മലർപൊടി രാഷ്ട്രീയം വിജയിച്ചേക്കുമെന്ന് അദ്ദേഹത്തിൻെറ ഏററവും അടുത്ത അനുയായികൾക്കെങ്കിലും പ്രതീക്ഷിക്കാൻ കഴിയൂ. ഇത് നടക്കുമോ? ഇന്നത്തെ ഐക്യജനാധിപത്യമുന്നണിക്ക് ഇതേപോലെ തുടരാൻ കഴിയുമോ എന്ന പരിശോധനയും ഈ ലേഖനപരമ്പരയിൽ ഞാൻ നടത്താൻ ഉദ്ദേശിക്കുന്നു.

## രാജീവ് കോൺഗ്രസ് കേരളത്തിലും കേന്ദ്രത്തിലും

ഘടകകക്ഷികൾ യോജിച്ചു നിന്നാൽ മാത്രമെ വിജയസാധ്യതയെക്കുറിച്ച് സ്വപ്നം കാണാൻപോലും കഴിയുകയുള്ളു എന്നാണല്ലോ ഐക്യജനാധിപത്യ മുന്നണിയുടെ വക്താക്കൾ അഭിപ്രായപ്പെടുന്നത്. അവർ ഒന്നായി നിൽകാൻ തുടങ്ങിയിരിക്കുന്നു എന്ന കാരണം പറഞ്ഞാണ് ലോകസഭാ തെരഞ്ഞെടുപ്പിൽ വിജയം സുനിശ്ചിതം എന്ന് ആൻറണിയെപ്പോലുള്ളവർ വീമ്പിളക്കുന്നത്.

എന്നാൽ, മുന്നണിയുടെ നേതാവായി കണക്കാക്കപ്പെടുന്ന രാജീവ് കോൺഗ്രസ് തന്നെ രണ്ട് വിരുദ്ധ ചേരികളിൽ നിൽകുകയാണെന്ന സത്യം അവർകുപോലും മറച്ചുവെക്കാനാവില്ല. കരുണാകരൻെറയും ആൻറണിയുടെയും അനുയായികാം തമ്മിൽ നിരന്തരം നടക്കുന്ന വഴക്കുകളും അടിപിടിപോലും അങ്ങാടിപ്പാട്ടാണ്.' മാതൃഭൂമി' 'മനോരമാ'ദികാംക് തന്നെ അത് മറച്ചുവെക്കാനാവുന്നില്ല. കേരളത്തിൽ രാജീവ് കോൺഗ്രസ് രണ്ട് വിരുദ്ധ ചേരികളുടെ ഒരു കൂട്ടുകെട്ടാണെന്നർഥം. സ്ഥാനാർഥി നിർണയത്തെച്ചൊല്ലി അവർ തമ്മിൽ നടക്കാൻ പോകുന്ന വഴക്കുകാം അങ്ങാടിപ്പാട്ടായിട്ടുണ്ട്.

പക്ഷെ രാജീവ്കോൺഗ്രസിൻെറ കേരളഘടകം ചെന്നുവീണിട്ടുള്ള ഗതികേടിൻെറ പ്രധാനവശം ഇതല്ല. ഈ ഗ്രൂപ്പു വഴക്കുകളേക്കാാം രൂക്ഷമായ ഒരു ഏററുമുട്ടൽ കോൺഗ്രസിനകത്ത് നടക്കുന്നുണ്ട്. അതാകട്ടെ രാജീവ് കോൺഗ്രസ് കേരളത്തിൽ തുടർനുപോരേണ്ട നയത്തെ ചുററിപ്പററിക്കൊണ്ടുള്ളതാണുതാനും.

നഷ്ടപ്പെട്ട അധികാരം വീണ്ടെടുക്കാനുള്ള ഒരേയൊരു മാർഗം ലീഗും കേരളാ കോൺഗ്രസും അടക്കമുള്ള എല്ലാ വലതുപക്ഷ പിന്തിരിപ്പൻ ശിഥിലീകരണ ശക്തികളെയും കൂട്ടുപിടിക്കുക എന്ന നിഗമനത്തിൽ കോൺഗ്രസ് ചെന്നെത്തിയിട്ട് മൂന്നു പതിററാണ്ടായിരിക്കുന്നു. അത് ഇനി തുടരണമോ എന്ന പ്രശ്നം കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലാകമാനം ഉള്ള കോൺഗ്രസുകാരെ അലട്ടാൻ തുടങ്ങിയിട്ട് ഏതാനും വർഷങ്ങളായി. അധികാരം ശാശ്വതമായി ഒഴിയേണ്ടിവന്നാലും ഈ കൂട്ടുകെട്ട് തുടരരുതെന്ന ശക്തിയായ അഭിപ്രായം കോൺഗ്രസിനകത്ത് വളർനുകൊണ്ടിരിക്കയാണ്. അഖിലേന്ത്യാ പ്രവർതക കമ്മിററി മെമ്പർ ദർബാറസിങ്ങ് അടക്കം പല സമുന്നത നേതാക്കളും ഈ അഭിപ്രായം പരസ്യമായി പ്രകടിപ്പിച്ചിട്ടുണ്ട്.

ഇതിൽനിന്ന് രക്ഷനേടാൻ കരുണാകരനും ആൻറണിയും ഇതേവരെ ഉപയോഗിച്ചിരുന്ന വാദഗതി ഇടതുപക്ഷ പാർടികളും ലീഗിനെ കൂട്ടുവിളിക്കുന്നു എന്നതായിരുന്നു. 1986-87- ഓടുകൂടി ആ വാദഗതി പൊട്ടിപ്പോയി. തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടാലും കൊള്ളാം സ്വന്തം പാർടിക്കകത്ത് പിളർപ്പുണ്ടായാലും കൊള്ളാം ലീഗുമായി കൂട്ടുകെട്ടില്ലെന്ന ഉറച്ച നിലപാട് സി പി ഐ (എം) എടുത്തു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ മററു ഘടകകക്ഷികറം ആ നിലപാട് പൂർണമായും ശരിവച്ചു. ആ അടിസ്ഥാനത്തിൽ നടന്ന തെരഞ്ഞെടുപ്പ് സമരത്തിലാണ് ഇടതുപക്ഷ-ജനാധിപത്യ മുന്നണി ഭൂരിപക്ഷം നേടി അധികാരത്തിലെത്തിയത്.

ഇതിൽനിന്നുണ്ടായ അമളിതീർകാൻ ആൻറണിയും കരുണാകരനും തൊടുത്തുവിട്ട ആയുധം ബി ജെ പിയുമായി കൂട്ടുകെട്ടുണ്ടെന്ന കള്ളക്കഥ പ്രചരിപ്പിക്കലായിരുന്നു. ഇതിൻെറ കള്ളിയും ഇപ്പോറം പൊളിഞ്ഞിരിക്കയാണ്. ഒരുവശത്ത് ഇടതുപക്ഷപാർടികറം, മറുവശത്ത് ബി ജെ പി എന്നീ രണ്ടു വിരുദ്ധശക്തികളുമായി സീററ്ധാരണ ചർചനടത്താൻ നിശ്ചയിച്ച ജനതാദറം നേതാക്കളോട് ഇടതുപക്ഷ പാർടികറം വെട്ടിത്തുറന്ന് പറഞ്ഞിരിക്കുന്നു: ബി ജെ പി യുമായി സീററ് ധാരണ സംബന്ധിച്ച ചർച നടക്കുന്നതിന് സമാന്തരമായി ഇടതുപക്ഷ പാർടികളായും ചർചയെന്ന നിർദേശം സ്വീകാര്യമല്ല. ഇത് കോൺഗ്രസിനെ ജയിപ്പിക്കാൻ മാത്രമെ പ്രയോജനപ്പെടു.

ഈ സംഭവ വികാസങ്ങറം രാജീവ്ഗാന്ധിയിലോ എ കെ ആൻറണിയിലോ കരുണാകരനിലോ വല്ല മാററവും വരുത്തുമെന്ന വ്യാമോഹം സാമാന്യ ബുദ്ധിയുള്ളവർക്കൊന്നും ഉണ്ടാവുകയില്ല. എത്ര നാണംകെട്ട അടവുകറം എടുത്താലും, തെരഞ്ഞെടുപ്പിൽ ജയിക്കാൻ പററുന്നത് എന്നു തോന്നുന്ന ഒരു മാർഗവും അവർ ഉപേക്ഷിക്കില്ല. ആ സ്ഥി

തിരത് കേരളത്തിൽ ലീഗും കേരളയുടെ രണ്ട് ഗ്രൂപ്പുകളു മായി ഇന്നുള്ള ബന്ധം നിലനിർത്തിക്കൊണ്ടു തന്നെയായി രിക്കും അടുത്ത ലോകസഭാ തെരഞ്ഞെടുപ്പിലും അവർ മത് സരിക്കുക.

പക്ഷെ, രാജീവ് പ്രഭൃതികളുടെ ഈ നിലപാടിന് പിന്തുണനൽകാൻ തയ്യാറില്ലാത്ത വ്യക്തികളും ഗ്രൂപ്പുകളും കോൺഗ്രസുകാർകിടയിൽ (കേരളത്തിൽ മാത്രമല്ല അഖി ലേന്ത്യാതലത്തിൽ തന്നെ) രൂപംകൊള്ളാൻ പോവുകയാണ്. ഇടതുപക്ഷ പാർടികൾ ചെയ്യുന്നതുപോലെ, കോൺഗ്രസും ബി ജെ പി, മുസ്ലിംലീഗ്, ശിവസേന തുടങ്ങിയ ശിഥിലീ കരണ ശക്തികൾക്കെതിരെ ഉറച്ച നിലപാട് എടുക്കണമെ ന്ന ആവശ്യം കേരളത്തിലും വെളിയിലുമുള്ള കോൺഗ്രസു കാർകിടയിൽ നിന്ന് അധികം അധികം ശക്തിയായി ഉയർന്നു വരാൻ പോവുകയാണ്. ഈ നിലപാടെടുക്കുന്ന അണികളും നേതൃത്വവും തമ്മിൽ ആശയ സമരം കൊടുമ്പിരിക്കൊള്ളാൻ പോവുകയാണ്.

ലോകസഭാ തെരഞ്ഞെടുപ്പ് സംബന്ധിച്ച അഖിലേ ന്ത്യാ ചിത്രം ക്രമേണ വ്യക്തമായി വരികയാണ്. ഒരുവശ ത്ത് രാജീവ് കോൺഗ്രസ്, മറുവശത്ത് ബി ജെ പി അടക്കം എല്ലാ പ്രതിപക്ഷ പാർടികളും ചേർന്ന ഒരു അവിയൽ മുന്ന ണി എന്ന നിലക്ക് ഇന്ത്യൻ രാഷ്ട്രീയം രണ്ട് ചേരിയായി തിരിയുന്നതിന്റെ സാധ്യത തികച്ചും ഇല്ലാതായിരിക്കുന്നു. രാജീവ് കോൺഗ്രസിനെതിരെ പോരാടുന്ന രണ്ട് വ്യത്യ സ്ത ചേരികൾ രൂപംകൊള്ളാൻ തുടങ്ങിയിട്ടുണ്ട്.

രാമജന്മഭൂമി, ന്യൂനപക്ഷ കമ്മിഷൻ, കാശ്മീരിന്റെ പ്ര ത്യേക പദവി എന്നീ കാര്യങ്ങളിൽ ബി ജെ പി യുടെ നില പാടിനെ എതിർക്കുമ്പോൾ തന്നെ, ആ പാർടിയുമായി സീ റ്റ് ധാരണയുണ്ടാക്കി തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ ശ്രമി ക്കുന്ന ഒരു വിഭാഗവും ബി ജെ പി യുടെ നിലപാടിനെ വി ട്ടുവീഴ്ച യില്ലാതെ എതിർക്കുന്ന മറ്റൊരു വിഭാഗവും എന്ന

രണ്ട് വ്യക്തമായ ശക്തികൾ രൂപം കൊണ്ടിരിക്കുന്നു. ജാതി-മത-വർഗീയ ശക്തികളുമായി ഒരു വിട്ടുവീഴ്ചക്കും തയ്യാറില്ലാതെ രാജീവ് കോൺഗ്രസിനെ താഴത്തിറക്കാൻ ശ്രമിക്കുന്ന ഒരു പുത്തൻ രാഷ്ട്രീയ ശക്തി അഖിലേന്ത്യാതലത്തിൽ രൂപംകൊണ്ടു തുടങ്ങിയിരിക്കുന്നു എന്നർഥം.

ഈ പുത്തൻ രാഷ്ട്രീയ ശക്തിയെ വലതുപക്ഷ പിന്തിരിപ്പൻ ശക്തിയെന്ന് മുദ്രകുത്താൻ രാജീവ് ഗാന്ധിക്കോ ആൻറണിക്കോ കഴിയുകയില്ല. എന്തുകൊണ്ടെന്നാൽ ഈ പുത്തൻ ശക്തി സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക പ്രശ്നങ്ങളിലെല്ലാം ഇടതുപക്ഷത്തോടാണ് ചായ്വ് കാണിക്കുന്നത്. വിദേശനയ രംഗത്തുപോലും ഈ ഇടതുപക്ഷ ശക്തിയെ താറടിച്ചുകാണിക്കാൻ രാജീവ് പ്രഭൃതികൾക്ക് കഴിയുകയില്ല. രാജീവ് ഗാന്ധിയും എ കെ ആൻറണിയും നടത്തുന്ന എല്ലാ അവകാശവാദങ്ങളെയും വെല്ലുവിളിക്കാൻ കഴിയുന്ന ഒന്നാണ് ഈ പുത്തൻ രാഷ്ട്രീയശക്തി. ഇത് രാജീവ് കോൺഗ്രസിനെ ഇതിനുമുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ലാത്ത ഒരു പ്രതിസന്ധിയിൽ എത്തിച്ചിരിക്കുന്നു.

ഈ സ്ഥിതിവിശേഷം ഫലപ്രദമായി നേരിടാൻ കഴിയണമെങ്കിൽ, രാജീവ് കോൺഗ്രസ് അതിൻെറ നയപരമായ സമീപനമാകെ പൊളിച്ചെഴുതണം.

കേരളത്തിലും തമിഴ്നാട്ടിലും ലീഗ് കൂട്ടുകെട്ട് അവസാനിപ്പിക്കുക, രാമജന്മഭൂമിയുടെ കാര്യത്തിൽ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന കള്ളക്കളി നിർത്തി എല്ലാ മതനിരപേക്ഷ പ്രതിപക്ഷ കക്ഷികളുടെയും പിന്തുണയോടെ തർക്കപ്രശ്നം കോടതിക്കുവിടാൻ തീരുമാനിക്കുക, പഞ്ചാബ് പ്രശ്നം പരിഹരിക്കുന്നതിൽ ബന്ധപ്പെട്ട എല്ലാവരുമായി രാഷ്ട്രീയതലത്തിൽ കൂടിയാലോചന നടത്തുക, ത്രിപുരയിൽ ടി എൻ വിയുമായുള്ള കൂട്ടുകെട്ട് അവസാനിപ്പിക്കുക കാശ്മീരിൽ മുസ്ലീം തീവ്രവാദികൾക്കെതിരായി രാഷ്ട്രീയ

പൊതുജനാഭിപ്രായം സംഘടിപ്പിക്കുക മുതലായ നടപടികളിലൂടെ ദേശീയഐക്യം ഇന്ന് നേരിടുന്ന വിഷമസന്ധിക്ക് പരിഹാരം കാണാൻ ആത്മാർത്ഥമായി ശ്രമിക്കണം.

അതോടൊപ്പം കോൺഗ്രസിന് അധികാരം നഷ്ടപ്പെട്ട സംസ്ഥാനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഗവൺമെൻറുകൾക്കെതിരെ തുടർച്ചയായി നടത്തുന്ന ആക്രമണങ്ങൾ അവസാനിപ്പിച്ചും സർകാരിയാ കമീഷൻെറ ശുപാർശകൾ അംഗീകരിച്ച് നടപ്പിലാക്കിയും കേന്ദ്ര - സംസ്ഥാന ബന്ധം സൗഹൃദാത്മകമാക്കണം.

എല്ലാത്തിനുമുപരി കഴിഞ്ഞ നാലുപതിററാണ്ടുകാലം തുടർന്നുപോന്ന സാമ്പത്തിക നയങ്ങളുടെ ഫലമായി അനുദിനം മൂർഛിച്ചുവരുന്ന വിലക്കയററം, തൊഴിലില്ലായ്മ, ഏറിയേറിവരുന്ന കടഭാരം മുതലായവക്ക് പരിഹാരം കാണുന്ന കാര്യത്തിൽ പ്രതിപക്ഷ പാർടികളുടെയും ട്രേഡ്യൂണിയൻ പോലുള്ള ബഹുജന സംഘടനകളുടെയും ആത്മാർത്ഥമായ സഹകരണം തേടണം.

കേന്ദ്രഗവൺമെൻറും അതിനെ നിയന്ത്രിക്കുന്ന ഭരണകക്ഷിയും തുടർന്നുപോരുന്ന പൊതുനയങ്ങളുടെ അലകും പിടിയും മാററണമെന്നർഥം.

ഇതിനും രാജീവ്കോൺഗ്രസ് തയ്യാറാകുമോ ? ഇല്ലെങ്കിൽ ഇന്ന് രാജ്യം നേരിടുന്ന വിവിധ വിഷമ പ്രശ്നങ്ങൾക്ക് പരിഹാരം കാണുമെന്ന ഉറപ്പ് ജനങ്ങൾക്ക് എങ്ങനെ നൽകാനാകും ?

അഥവാ ഇത്തരം ഒരു നയംമാററത്തിന് രാജീവ് ഗാന്ധിയും കൂട്ടരും തയ്യാറാകുകയാണെങ്കിൽ അതിനോട് ഈ രാജ്യത്തെ ബൂർഷ്വാ ഫ്യൂഡൽ പ്രമാണിമാർ എങ്ങനെ പ്രതികരിക്കും ? വാക്കിൽ ഇടതുപക്ഷ ചായ്‌വും പ്രവൃത്തിയിൽ വലതുപക്ഷ നയസമീപനവും എന്ന ഇന്നത്തെ നയസമീപനമുപേക്ഷിച്ച് വാക്കിലെന്നപോലെ പ്രവൃത്തിയിലും ഇടതുപക്ഷ ചായ്‌വ് കാണിക്കാൻ രാജീവ് കോൺ

ഗ്രസ് തയ്യാറാവുകയാണെങ്കിൽ അതിന് എതിരായ ശക്തികൾ സംഘടിച്ചുവരികയില്ലേ എന്നാണ് ഈ ചോദ്യങ്ങൾ കർഥം.

ഇവിടെയാണ് കേരളത്തിലും കേന്ദ്രത്തിലുമുള്ള രാജീവ്കോൺഗ്രസ് നേരിടുന്ന പ്രതിസന്ധിയുടെ കാതൽ കിടക്കുന്നത്. ആ പാർടിയുടെ സാധാരണ പ്രവർത്തകരും അവരെ പിന്തുടരുന്ന ജനലക്ഷങ്ങളും ആഗ്രഹിക്കുന്നത് വാക്കിലെന്നപോലെ പ്രവൃത്തിയിലും ഇടതുപക്ഷ ചായ്‌വുള്ള സമീപനം തങ്ങളുടെ നേതാക്കൾ അംഗീകരിക്കണമെന്നാണ്. നേരെമറിച്ച്, ഈ നേതാക്കൾ വാക്കിലെന്തുപറഞ്ഞാലും, പ്രവൃത്തിയിൽ പിന്തിരിപ്പൻ നയസമീപനങ്ങൾതന്നെ തുടരാൻ നിശ്ചയിച്ചിരിക്കയാണ്. അങ്ങനെ നേതാക്കൾ ഒരു വശത്തും അണികളും ബഹുജനങ്ങളും മറുവശത്തുമായി നിന്ന് അന്യോന്യം ഏററുമുട്ടുന്ന സ്ഥിതിയിലേക്ക് രാജീവ് കോൺഗ്രസ് നീങ്ങിക്കൊണ്ടിരിക്കയാണ്. അതാണ് ആ പാർടി ഇന്ന് നേരിടുന്ന മുഖ്യപ്രശ്നം.

ഇത് അടുത്ത തെരഞ്ഞെടുപ്പിനെ എങ്ങനെ ബാധിക്കും? നയപ്രശ്നങ്ങളെച്ചൊല്ലിയുള്ള ഈ അഭിപ്രായഭിന്നതകളും നേതാക്കൾ തമ്മിലുള്ള മത്സരവും ചേർന്ന് കോൺഗ്രസിനകത്ത് ഉൾപാർടിസമരം രൂക്ഷമാവുകയില്ലേ? അത് വളർന്നുവന്ന് തെരഞ്ഞെടുപ്പാവുമ്പോഴേക്ക് ഒരു ഭിന്നിപ്പുതന്നെ വന്നുകൂടായ്കയുണ്ടോ?

ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഊററിക്കൂട്ടിയിട്ടാണല്ലോ 1952ലെ തെരഞ്ഞെടുപ്പിന് മുമ്പ് കൃപലാനിയുടെയും കേളപ്പൻെറയും മററും നേതൃത്വത്തിൽ കിസാൻബന്ധു പ്രജാപാർടി രൂപം കൊണ്ടത്. 1967ലെ തെരഞ്ഞെടുപ്പിലും അതിനെ തുടർന്നും കുറെ സംസ്ഥാനങ്ങളിൽ വിമത കോൺഗ്രസുകാർ പ്രതിപക്ഷ പാർടികളുമായിചേർന്ന് സംയുക്ത വിധായക്ദൾ ഗവൺമെൻറുകൾ ഉണ്ടാക്കിയല്ലോ. 1977-ലാകട്ടെ, ജനത രൂപപ്പെട്ടത് ഈ രീതിയിൽതന്നെ

യല്ലെ. അത് ഇപ്പോഴം ആവർത്തിച്ചു കൂടായ്കയുണ്ടോ ?

സി പി ഐ (എം) അടക്കമുള്ള ഇടതുപക്ഷ പാർടികളെ സംബന്ധിച്ചിടത്തോളം ഇത്തരം ഒരു സംഭവവികാസമുണ്ടാവുകയാണെങ്കിൽ അത് തികച്ചും സ്വാഗതാർഹമായിരിക്കും. ഇത്തരം സംഭവവികാസങ്ങഠം വരാൻ സാധ്യത ഉണ്ടെന്നതിനാലാണ്, അത് വരുത്തുന്നതിനുവേണ്ടിയാണ്, ബി ജെ പി തൊട്ടുള്ള ജാതി-മതാദി ശിഥിലീകരണ ശക്തികളെ തികച്ചും ഒഴിച്ചുനിർത്തിക്കൊണ്ട് മതനിരപേക്ഷമായ ഒരു പ്രതിപക്ഷമുന്നണി കെട്ടിപ്പടുക്കാൻ മററു പ്രതിപക്ഷപാർടികളോട് ഇടതുപക്ഷക്കാർ അഭ്യർഥിക്കുന്നത്.

## മുസ്ലിംലീഗ് ഇനി എങ്ങോട്ട് ?

രാജീവ് കോൺഗ്രസ് കഴിഞ്ഞാൽ ഐക്യ ജനാധിപത്യ മുന്നണിയിലെ ഏററവും വലിയ ഘടകകക്ഷി മുസ്ലിംലീഗാണ്. അതും കോൺഗ്രസ് എന്നപോലെ അത്യഗാധമായ ഒരു പ്രതിസന്ധിയിൽ വീണിരിക്കയാണ്.

രാജീവ് കോൺഗ്രസും കമ്യൂണിസ്ററ് പാർടികളും ജനതാദളും ബി ജെ പി യുംപോലെ തങ്ങളുടെ പാർടിക്കും ഒരു അഖിലേന്ത്യാ സ്വഭാവം ഉണ്ടെന്നാണ് ലീഗുകാർ അവകാശപ്പെടുന്നത്. പക്ഷെ, കോൺഗ്രസിൻെറ ദയകൊണ്ട് ഏതാനും സീററുകളെങ്കിലും കിട്ടുന്ന രണ്ടു സംസ്ഥാനങ്ങളെ ലീഗിനുള്ളു—കേരളവും തമിഴ്നാടും. അതിൽതന്നെ കുറെക്കാലം ഭരണത്തിൽ പങ്കാളിത്തം വഹിക്കാൻ കഴിഞ്ഞ ഒരേ ഒരു സംസ്ഥാനം കേരളമാണ്. ഈ മൗലികസത്യം ലീഗുകാരെ ഒട്ടേറെ വൈരുധ്യങ്ങളിൽ കൊണ്ടെത്തിച്ചിരിക്കുന്നു.

മുസ്ലിം സമുദായത്തിൻെറ പ്രാതിനിധ്യം അവകാശപ്പെടുന്ന ഒരേഒരു അഖിലേന്ത്യാ രാഷ്ട്രീയ കക്ഷിയെന്ന നിലക്ക് രാജീവ് കോൺഗ്രസിനെതിരെ അണിനിരക്കാൻ ലീഗ് നിർബന്ധിക്കപ്പെട്ടിരിക്കുന്നു. കോൺഗ്രസ് ഭരണത്തിൻ

കീഴിൽ മുസ്ലിം സമുദായം അടിച്ചമർത്തപ്പെടുകയാണെന്ന മുറവിളി അവർ ഇന്ത്യയിലും വെളിയിൽപോലും മുഴക്കി ക്കൊണ്ടിരിക്കയാണ്. പക്ഷെ അതേ ഭരണകോൺഗ്രസി ൻെറ നേതൃത്വത്തിൽ ഒരു ജൂനിയർ പങ്കാളിത്തം വഹിക്കാൻ കേരളത്തിൽ അവർ നിർബന്ധിക്കപ്പെട്ടിരിക്കുന്നു.

ഈ ഗതികേടിൽ നിന്ന് രക്ഷപ്പെടാൻ ഒരു കാലത്ത് ലീഗിന് കഴിഞ്ഞിരുന്നു. എന്തുകൊണ്ടെന്നാൽ, ഭരണത്തിൻെറ കുത്തക അനുഭവിക്കുന്ന കോൺഗ്രസിനെതിരെ എല്ലാ പ്രതി പക്ഷകക്ഷികളും ഒന്നിച്ചുനിന്നു പോരാടാൻ അക്കാലത്ത് ശ്രമിച്ചിരുന്നു. ലീഗിൻെറ ആശയഗതികളെ മൗലികമായി എതിർക്കുന്ന കമ്യൂണിസ്ററുകാർപോലും കോൺഗ്രസിനെ പരാജയപ്പെടുത്തുകഎന്ന ഉദ്ദേശ്യത്തോടെ അന്ന് ലീഗിനോട് സൗഹാർദം പുലർത്തിയിരുന്നു. കോൺഗ്രസിനെതിരെ രൂ പംകൊണ്ടിരുന്ന പ്രതിപക്ഷമുന്നണിയിലെ ഒരു സജീവഘ ടകം എന്ന നിലക്കാണ് കേരളമെന്ന ഈ കൊച്ചുസംസ്ഥാന ത്തിലെങ്കിലു അധികാരത്തിൽ പങ്കുനേടാൻ ലീഗിന് കഴി ഞ്ഞതത്.

ആദ്യം (1952ൽ) കോൺഗ്രസിനെതിരെ പ്രതിപക്ഷ ത്തിൻെറകൂടെ, പിന്നെ (1959ൽ) കമ്യൂണിസ്ററ് പാർടി ക്കെതിരെ കോൺഗ്രസിൻെറകൂടെ, വീണ്ടും (1967ൽ) കോൺ ഗ്രസിനെതിരെ കമ്യൂണിസ്ററുകാരുടെകൂടെ അവസാനം (1969തൊട്ട്) സി പി ഐ (എം) നെതിരെ കോൺഗ്രസിൻെറ കൂടെ-ഈ വിധത്തിൽ മാറിമാറി കച്ചവടരാഷ്ട്രീയം കളിച്ചാ ണ് ലീഗ് ഇതുവരെ കേരളരാഷ്ടീയത്തിൽ ശോഭിച്ചത്.

ഇപ്പോഠം ആ കച്ചവടരാഷ്ട്രീയം കളിക്കാൻ വയ്യാത്ത നിലയിലായിരിക്കുന്നു. ഇടതുപക്ഷപാർടികഠം ലീഗിനെ ഒരു സഖ്യകക്ഷിയായി ഒരിക്കലും അംഗീകരിക്കുകയില്ല. കോൺഗ്രസാകട്ടെ, കേരളത്തിലും തമിഴ്നാട്ടിലും ഒഴിച്ച് മററെവിടെയും ലീഗായി കൂട്ടുകൂടാൻ തയ്യാറുമില്ല. ഈ രണ്ട് സംസ്ഥാനങ്ങളിലും കോൺഗ്രസായി കൂട്ടുകൂടിയി

ട്ടുപോലും അധികാരത്തിലെത്താൻ ലീഗിന് സാധ്യമല്ലെന്ന സ്ഥിതി രൂപപ്പെട്ടുവരികയാണ്.

പോരെങ്കിൽ, രാജീവ് കോൺഗ്രസിൻെറകൂടി അനുഗ്രഹാശിസുകളോടെ ഒരു പുതിയ നീക്കം തെരഞ്ഞെടുപ്പ് കമ്മീഷൻ നടത്തിയിരിക്കുന്നു; നിലവിലുള്ള ഏത് രാഷ്ട്രീയകക്ഷിയും കമ്മീഷൻെറ അംഗീകാരമുള്ള സംഘടനയായി തുടരണമെങ്കിൽ ഒരു ജാതിയുടെയോ മതവിഭാഗത്തിൻെറയോ താൽപര്യങ്ങൾകുവേണ്ടി നിൽകാതെ പൊതുതാൽപര്യങ്ങളെ ആസ്പദമാക്കിവേണം പ്രവർത്തിക്കാനെന്ന് നിശ്ചയിച്ചിരിക്കുന്നു. നിലവിലുള്ള ഓരോ പാർടിയുടെയും ഭരണഘടനയിൽ ഇതനുസരിച്ചുള്ള ഭേദഗതി വരുത്തണമെന്ന് കമ്മീഷൻ നിർബന്ധിക്കുന്നു.

അപ്പോൾ മുസ്ലിംസമുദായത്തിൻെറമാത്രം താൽപര്യം സംരക്ഷിക്കുന്ന ലീഗിന് ഇനി തെരഞ്ഞെടുപ്പ് കമീഷൻെറ അംഗീകാരം കിട്ടുമോ ? അഖിലേന്ത്യാപദവി പോകട്ടെ, കേരളത്തിലും തമിഴ്നാട്ടിലും പ്രാദേശികകക്ഷിയായിട്ടുപോലും ഇനി ലീഗിന് തുടരാൻ കഴിയുമോ ?

മുസ്ലിംസമുദായത്തിൻെറ താൽപര്യം സംരക്ഷിക്കുന്നവെന്ന ലീഗിൻെറ അവകാശവാദം ശരിയാണെങ്കിൽ, ലീഗ് ശക്തിയായി പോരാടേണ്ട അഖിലേന്ത്യാ രാഷ്ട്രീയകക്ഷി ബി ജെ പി യാണ്. ആർ എസ് എസിൻെറ നേതൃത്വത്തിലുള്ള ആ പാർടി മുസ്ലിം അടക്കമുള്ള ന്യൂനപക്ഷസമുദായങ്ങൾക് തികച്ചും എതിരാണെന്ന് വ്യക്തമായിരിക്കുന്നു.

ന്യൂനപക്ഷ സമുദായങ്ങൾക് ന്യായമായ സംരക്ഷണം കിട്ടുമെന്ന് ഉറപ്പുണ്ടാക്കുന്നതിനുവേണ്ടി രൂപംകൊണ്ടിട്ടുള്ള ന്യൂനപക്ഷ കമീഷനെ പിരിച്ചുവിടണമെന്നാണ് ബി ജെ പി ആവശ്യപ്പെടുന്നത്.

രാമജന്മഭൂമി മുതലായ മററ് പല പ്രശ്നങ്ങളെയും ആസ്പദമാക്കി ന്യൂനപക്ഷ വിരോധത്തിൻെറ വിഷം വമിക്കുന്ന ഒരു പാർടിയായി ബി ജെ പി അധഃപതിച്ചിരിക്കയാണ്.

ഇതിനെതിരെ ഉറച്ചുനിന്ന് പോരാടുന്ന ഒരേ ഒരു രാഷ്ട്രീയ ശക്തി ഇടതുപക്ഷ പാർടികളാണ്.

ഈ സാഹചര്യത്തിലാണ് കേരളത്തിലെ മുസ്ലിംലീഗ് തങ്ങളുടെ ബദ്ധശത്രുവായി സി പി ഐ (എം) നെ കാണുകയും അതിനെതിരെ ആർ എസ് എസായിപ്പോലും സഹകരിക്കുകയും ചെയ്യുന്നത്.

ഒരുവശത്ത് രാജീവ് കോൺഗ്രസ്, മററൊരു വശത്ത് ബി ജെ പി യും സഖ്യശക്തികളും മൂന്നാംവശത്ത് ഇടതുപക്ഷ പാർടികളും അവരുടെകൂടെ നിൽകുന്ന മററ് നിരപേക്ഷ പാർടികളും — ഈ മൂന്ന് രാഷ്ട്രീയ ചേരികളാണല്ലൊ ഇന്ന് അഖിലേന്ത്യാതലത്തിൽ രൂപംകൊണ്ടിട്ടുള്ളത്. ഈ മൂന്നിൽ ഏതെങ്കിലും ഒന്നിൻെറ കൂടെ നിൽകാൻ മുസ്ലിം ലീഗ് ആഗ്രഹിക്കുന്നുണ്ടോ? മുസ്ലിം സമുദായത്തിൻെറ താൽപര്യം സംരക്ഷിക്കുക എന്ന മുഖ്യഉദ്ദേശ്യത്തിൽ ഉറച്ചു നിൽകുമെങ്കിൽ കോൺഗ്രസിൻെറ കൂടെയോ ബി ജെ പി പ്രഭൃതികളുടെ കൂടെയോ നിൽകാൻ ലീഗിന് കഴിയുമോ?

കേരളത്തിൽ ചെയ്യുന്നതുപോലെ മററെവിടെയെങ്കിലും കോൺഗ്രസിൻെറ കൂടെ കൂടാമെന്ന പ്രതീക്ഷ അസ്ഥാനത്താണ്. എന്തുകൊണ്ടെന്നാൽ, അതിന് കോൺഗ്രസ് തയ്യാറില്ല. ലീഗിന് അതൊട്ട് സാധ്യവുമല്ല.

ബി ജെ പി പ്രഭൃതികളുടെ കൂടെ കൂടുന്ന കാര്യവും ലീഗിന് ചിന്തിക്കാൻ കഴിയുകയില്ല.

അപ്പോഠം പിന്നെ ഒരേ ഒരു വഴിയേ ലീഗിൻെറ മുന്നിലുള്ളു. മുസ്ലിം സമുദായത്തെ പ്രതിനിധാനം ചെയ്യുന്നുവെന്ന പേരിൽ ഒരു പ്രത്യേക രാഷ്ട്രീയ പാർടിയായി നിലനിൽകുന്ന ഇന്നത്തെ സ്ഥിതി അവസാനിപ്പിക്കുക; ലീഗിൻെറ നേതാക്കളും അനുയായികളും താന്താങ്ങഠംക് ഇഷ്ടമുള്ള ഏതെങ്കിലും ഒരു മതനിരപേക്ഷ രാഷ്ട്രീയ പാർടിയിൽ അംഗത്വം നേടി അതിൻെറ ചട്ടങ്ങഠംകും വഴക്കങ്ങഠംകും അനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങുക.

ഇതിനർത്ഥം ലീഗ് പിരിച്ചുവിടുകയാണെന്ന് ആ പാർടിയുടെ സുഹൃത്തുക്കൾക്ക് തോന്നിയേക്കാം. ആ നിലക്ക് അവർ ഇതിനെ ശക്തിയുക്തം എതിർത്തേക്കാം. പക്ഷേ അവരുടെ മുമ്പിൽ ഇതല്ലാതെ വേറെ ഏതു മാർഗമാണുള്ളത്?

ഇന്നത്തെപ്പോലെ കേരളത്തിലും തമിഴ്നാട്ടിലും കോൺഗ്രസിന്റെ സഖ്യകക്ഷി, മറ്റെല്ലായിടത്തും കോൺഗ്രസിനെതിരെ പ്രതിപക്ഷത്തിന്റെകൂടെ എന്ന നിലപാട് തുടരുകയോ? അങ്ങനെ ചെയ്താൽപോലും ഇതേവരെ കേരളത്തിൽ കഴിഞ്ഞിരുന്നതുപോലെ കോൺഗ്രസിന്റെ ജൂനിയർ പങ്കാളിയായിട്ടെങ്കിലും അധികാരത്തിൽവരാൻ ഇന്ത്യയിലെവിടെയെങ്കിലും സാധിക്കുമോ? കേരളത്തിൽതന്നെ ആ തന്ത്രം ഇനി ഫലിക്കാൻ പോകുന്നുണ്ടോ?

ജാതിയെയും മതത്തെയും ആസ്പദമാക്കി രൂപംകൊള്ളുന്നതും പ്രവർത്തിക്കുന്നതുമായ രാഷ്ട്രീയപാർടികളുടെ പ്രസക്തി അധികമധികം കുറഞ്ഞുവരികയാണെന്ന സത്യം ലീഗുകാർ മനസിലാക്കണം. അടുത്തകാലം വരെ കേരളത്തിൽ മുന്നോക്ക പിന്നോക്ക ജാതികളുടെ പ്രാതിനിധ്യം അവകാശപ്പെടുന്ന എൻ ഡി പിയും എസ് ആർ പിയും കേരളത്തിൽ നിലനിന്നിരുന്നില്ലേ? അവർ എന്തുകൊണ്ട് അന്തർധാനം ചെയ്തു? അവയിലെ അംഗങ്ങളായിരുന്ന ലക്ഷക്കണക്കിനാളുകൾ ഇപ്പോൾ രാജീവ്കോൺഗ്രസിന്റെയോ ഇടതുപക്ഷ പാർടികളുടെയോ ജനതാദളത്തിന്റെയോ അനുയായികളായി മാറിയിരിക്കുകയല്ലേ? ഒരു കാലത്ത് മുസ്ലിം ലീഗു പോലെതന്നെ സ്വന്തം സമുദായത്തിന്റെ നേതൃത്വം അവകാശപ്പെട്ടിരുന്ന ഈ പാർടികൾ പതുക്കെ പതുക്കെ ഇല്ലാതായത് എന്തുകൊണ്ട്? ഈ അനുഭവത്തിൽനിന്ന് മുസ്ലിംസമുദായത്തിനും അതിന്റെ രാഷ്ട്രീയപാർടിയായി അവകാശപ്പെടുന്ന ലീഗിനും ഒരു പാഠവും പഠിക്കാനില്ലെന്നുണ്ടോ?

കേരളത്തിന്റെ രാഷ്ട്രീയചരിത്രത്തിൽ ഒരു കാലത്ത്

ജാതിയെയും മതത്തെയും ആസ്പദമാക്കി പ്രവർത്തിക്കുന്ന രാഷ്ട്രീയ കക്ഷികൾക്ക് പ്രസക്തിയുണ്ടായിരുന്നു. ജനാധിപത്യത്തിനും സോഷ്യലിസത്തിനും വേണ്ടിയുള്ള സമരം അന്നത്തെ സാഹചര്യത്തിൽ ഭൂരിപക്ഷ സമുദായത്തിന്റെ തലപ്പത്തിരിക്കുന്ന സവർണ്ണ ഹിന്ദുക്കളുടെ മേധാവിത്വത്തിനെതിരായാണ് നടത്തേണ്ടിയിരുന്നത്. അതുകൊണ്ടാണ് കേരളത്തിലെ സോഷ്യലിസ്ററ്-കമ്യൂണിസ്ററ് പ്രസ്ഥാനത്തിന്റെ ആദ്യവർഷങ്ങളിൽ അവർണ്ണജാതിക്കാരുടെയും അഹിന്ദുക്കളുടെയും അവകാശങ്ങൾക്കു വേണ്ടിയുള്ള സമരത്തോട് തൊഴിലാളിവർഗത്തിന്റെ രാഷ്ട്രീയപ്രസ്ഥാനം അനുഭാവം പ്രകടിപ്പിച്ചത്.

എന്നാൽ ഇന്ന് സ്ഥിതിയാകെ മാറിയിരിക്കുന്നു. ജാതിക്കും മതത്തിനും അതീതമായ ജനാധിപത്യ സോഷ്യലിസ്ററ് പ്രസ്ഥാനങ്ങൾ വളർന്നുകൊണ്ടിരിക്കയാണ്.

ഈ വളർച്ചക്കിടക്കാണ് നായർ സർവീസ് സൊസൈററി, എസ് എൻ ഡി പി മുതലായ ജാതി-മത സംഘടനകൾക്ക് ഒരുകാലത്തുണ്ടായിരുന്ന പ്രസക്തി നഷ്ടപ്പെട്ടത്. മുസ്ലിം ലീഗിനും ഇനി അധികകാലം ഈ വർഗീയരാഷ്ട്രീയം തുടരാൻ കഴിയുകയില്ല.

## കേരള കോൺഗ്രസ് കാൽനൂററാണ്ടിനുശേഷം

രാജീവ് കോൺഗ്രസും മുസ്ലിംലീഗും കഴിഞ്ഞാൽ ഐക്യജനാധിപത്യമുന്നണിയുടെ പിന്നത്തെ പാർടിയാണ് കേരളകോൺഗ്രസ്. പക്ഷെ അതും ലീഗും തമ്മിൽ രണ്ട് പ്രധാന വ്യത്യാസമുണ്ട്:

ഒന്നാമത്, ലീഗ് ഒരുകാലത്തും കോൺഗ്രസിന്റെ ഭാഗമായിരുന്നിട്ടില്ല. കേരള കോൺഗ്രസാകട്ടെ 1963-64ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിൽനിന്ന് ഭിന്നിച്ചുപോയ ഒരു പാർടിയാണ്.

രണ്ടാമത്, കേരള കോൺഗ്രസ് എന്ന പേര് സൂചിപ്പിക്കുന്നതുപോലെ കേരളത്തിൻെറ പ്രത്യേക താൽപര്യങ്ങരം സംരക്ഷിക്കാൻ പോരാടുന്ന കോൺഗ്രസുകാരുടെ ഒരു സംഘടനയാണ് കേരളകോൺഗ്രസ്. മുസ്ലിം ലീഗാകട്ടെ മററു ജനവിഭാഗങ്ങളിൽ നിന്ന് മുസ്ലിം സമുദായത്തെ വേറെ നിർത്തിക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു പാർടിയാണ്. ആ നിലക്ക് അതിന് അഖിലേന്ത്യാസ്വഭാവവും ആഗോളസ്വഭാവവും പോലുമുണ്ട്. അഖിലലോക മുസ്ലിം താൽപര്യങ്ങരം സംരക്ഷിക്കുന്നതും ഭരണഘടനാപരമായി അഖിലേന്ത്യാ സ്വഭാവമുള്ളതുമായ ഒരു പാർടിയുടെ കേരളഘടകമാണത്. കേരള കോൺഗ്രസാകട്ടെ, കേരളത്തിൽ മാത്രം ഒതുങ്ങിനിൽകുന്ന ഒരു പാർടിയുമാണ്.

ഈ വ്യത്യാസങ്ങളുണ്ടെങ്കിലും ഒരു കാര്യത്തിൽ ഈ രണ്ടു പാർടികളും ഒരുപോലെതന്നെയാണ്. ലീഗ് എന്നപോലെ **കേരളയും** തരംകിട്ടിയാൽ കോൺഗ്രസ് പാർടിയിൽ നിന്ന് പ്രതിപക്ഷത്തേക്കും തിരിച്ച് വീണ്ടും കോൺഗ്രസിലേക്കും പോകുക എന്ന കച്ചവടരാഷ്ട്രീയത്തിൽ കണ്ണുതെളിഞ്ഞവരാണ്. അക്കാരണത്താൽതന്നെ ഇനി കേരളത്തിൽ കച്ചവടരാഷ്ട്രീയം നടപ്പില്ലെന്ന് വ്യക്തമായിക്കഴിഞ്ഞ ഇന്ന്–1987 മാർചിലെ തെരഞ്ഞെടുപ്പിന് ശേഷം–ഇരു പാർടികളും വല്ലാത്ത വെട്ടിൽ വീണിരിക്കുകയാണ്.

ഇതിൽനിന്ന് കരകയറാൻ ലീഗിൻെറ മുമ്പിലുള്ള ഒരേയൊരു മാർഗം ആ സംഘടന പിരിച്ചുവിട്ട് അതിലെ അംഗങ്ങരം ഓരോരുത്തരും താന്താങ്ങരംകിഷ്ടപ്പെട്ട പാർടിയിൽ ചേരുകയാണെന്ന് മുൻലേഖനത്തിൽ സുചിപ്പിച്ചിരുന്നുവല്ലൊ. അത്രതന്നെ വലിയ ഗതികേടിലല്ല കേരള കോൺഗ്രസ്. അതിന് ഒരു സ്വതന്ത്രരാഷ്ട്രീയ പാർടിയായി വേണമെങ്കിൽ ഇനിയും തുടരാൻ-കഴിയും.

കാൽനൂററാണ്ടിനുമുമ്പ് രൂപം കൊണ്ടപ്പോരം പ്രഖ്യാപിച്ച ലക്ഷ്യം–കേരളത്തിൻെറ താൽപര്യങ്ങരംകുവേണ്ടി പോ

രാടുന്ന കോൺഗ്രസുകാരുടെ പാർടിയായി തുടരുക — ഇപ്പോഴും മുറുകെപിടിക്കണമെന്നേയുള്ളു. അത് ചെയ്യാൻ മാണിയും ജോസഫും തയ്യാറാവുമോ ?

വാക്കിൽ കേന്ദ്രവിരോധം പ്രകടിപ്പിക്കാൻ ചിലപ്പോഴെങ്കിലും ശ്രമിക്കുന്ന ഒരു പാർടിയുടെ രണ്ടു ഗ്രൂപ്പുകളാണ് മാണിയുടെയും ജോസഫിൻെറയും നേതൃത്വത്തിലുള്ളത്. അവയുടെ നേതാക്കളിലൊരാളായ ബാലകൃഷ്ണപിള്ള ഒരവസരത്തിൽ കേരളം മററൊരു പഞ്ചാബാകാൻ പോകുകയാണെന്ന് മുന്നറിയിപ്പു നൽകുകപോലും ചെയ്തു. എങ്കിലും കേന്ദ്രകോൺഗ്രസ് സംഘടനയുടെ അരുമശിഷ്യന്മാരായ കരുണാകരൻെറയും ആൻറണിയുടെയും നേതൃത്വത്തിലുള്ള കേരളഗവൺമെൻറിൽ തുല്യ പങ്കാളികളായി മാണിയും ജോസഫും വളരെക്കാലം തുടർന്നു. ഇന്നാകട്ടെ, കോൺഗ്രസ് നേതൃത്വത്തിലുള്ള പ്രതിപക്ഷത്താണ് അവർ നിലയുറപ്പിച്ചിട്ടുള്ളത്.

ഐക്യ ജനാധിപത്യ മുന്നണിയുടെ മററു ഘടകകക്ഷികളായ രാജീവ് കോൺഗ്രസിലും മുസ്ലിംലീഗിലും എന്നതുപോലെ കേരള കോൺഗ്രസിലുമുള്ള അണികൾ ഇതിൽ അസംതൃപ്തരാവുമെന്ന് പറയാൻ മടിക്കേണ്ടതില്ല. എന്തുകൊണ്ടെന്നാൽ കേരളത്തിൻെറ ഉത്തമ താൽപര്യങ്ങളോരോന്നും കേന്ദ്ര കോൺഗ്രസ് ഗവൺമെൻറിൻെറ സമീപനങ്ങൾ മൂലം അപകടത്തിലായിക്കൊണ്ടിരിക്കുകയാണ്.

കേരളത്തിന് അരി തരാൻ കേന്ദ്രത്തിന് ബാധ്യതയില്ലെന്ന രാജീവിൻെറ പ്രഖ്യാപനം ശരിയല്ലെന്ന് ഒരുവിധം പറഞ്ഞൊപ്പിക്കാൻ കരുണാകരനും ആൻറണിയും പോലും നിർബന്ധിക്കപ്പെട്ടുവരികയാണ്,

കേരളത്തിൻെറ പ്രധാന ഉൽപന്നങ്ങളായ നാളികേരവും കൊപ്രയും കുരുമുളകും പോലുള്ളവയെ സംബന്ധിച്ചിടത്തോളം കേന്ദ്രം തുടർന്നുപോരുന്ന നയത്തിൽ പ്രതിഷേധിക്കാതിരിക്കാൻ രാജീവ് കോൺഗ്രസിലെ അംഗങ്ങൾക്കുപോ

ലും കഴിയുന്നില്ല.

വിലക്കയററം, തൊഴിലില്ലായ്മ മുതലായ മററു ജീവിത പ്രശ്നങ്ങൾ കൂടുതൽ കൂടുതൽ രൂക്ഷമായി വരുന്നത് കേന്ദ്രത്തിൻെറ നയപരമായ പിടിപ്പുകേടുകൊണ്ടാണെന്ന് രാജീവ് കോൺഗ്രസുകാർകുപോലും സമ്മതിക്കേണ്ടിവരും.

ഈ പശ്ചാത്തലത്തിലാണ് ഇടതുപക്ഷ - ജനാധിപത്യ മുന്നണി കേന്ദ്ര ഗവൺമെൻറിൻെറ നയങ്ങൾക്കെതിരെ പ്രചണ്ഡമായ പ്രക്ഷോഭം സംഘടിപ്പിക്കുന്നതെന്നതിനാൽ കേരള ഗവൺമെൻറിനെതിരെ കേന്ദ്രത്തിൻെറ കൂടെ നിൽകാൻ കേരള കോൺഗ്രസിലെ സാധാരണമെമ്പർമാർകും ആ പാർടിയുടെ അനുയായികൾകും ഇനി കഴിയുകയില്ല.

രാജ്യതാപൽര്യത്തെ സ്വന്തം സ്വാർഥതാൽപര്യങ്ങൾക് കീഴ്പെടുത്തുന്ന മാണി - ജോസഫ് പ്രഭൃതികൾക് ഇതൊന്നും കാര്യമല്ലായിരിക്കും. പക്ഷെ, അവരുടെ പാർടിയിൽ ഇന്നും വിശ്വാസമർപിക്കുന്ന പതിനായിരക്കണക്കിനാളുകൾക് ഈ സത്യങ്ങൾ തള്ളിക്കളയാനാവില്ല. രാജീവ്കോൺഗ്രസിലും മുസ്ലിംലീഗിലുമെന്നപോലെ കേരളയിലും അവസരവാദപരമായ നേതൃത്വത്തിനെതിരെ അണികൾ ഉയർന്നുവരുന്ന സാഹചര്യമാണ് ഇതുമൂലം ഉളവാകുന്നതെന്നർഥം.

ഈ നയസമീപനം ഉപേക്ഷിച്ച് കേരളത്തിൻെറ താൽപര്യങ്ങൾകു വേണ്ടി പോരാടുകയെന്ന നിലപാടിൽ ഉറച്ച് നിൽകുമെങ്കിൽ കേരള കോൺഗ്രസിന് ഒരു പ്രതിപക്ഷരാഷ്ട്രീയ പാർടി എന്ന നിലക്ക് ഇനിയും തുടരാൻ കഴിയും. അതിൻെറ സ്വതന്ത്ര പ്രവർത്തനത്തിൻെറ ഭാഗമായി ഇടതുപക്ഷ - ജനാധിപത്യ മുന്നണിയായി സഹകരിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിനുള്ള മാർഗം ആരായാൻ കേരള കോൺഗ്രസിന് കഴിയും.

പക്ഷെ, ഒരുകാര്യം മുൻകൂട്ടിതന്നെ പറഞ്ഞേക്കാം : "കേരളത്തെ പഞ്ചാബാക്കി മാററുക" എന്ന ബാലകൃഷ്ണ

പിള്ളയുടെ പ്രഖ്യാപനത്തിലടങ്ങിയ ദേശീയതാവിരുദ്ധ സമീപനം തുടരാനാണ് പോവുന്നതെങ്കിൽ അതിന് ഇടതുപക്ഷ – ജനാധിപത്യ മുന്നണിയെ കിട്ടുകയില്ല. കേരളമടക്കം എല്ലാ സംസ്ഥാനങ്ങളുടെയും ന്യായമായ അവകാശങ്ങൾ വകവച്ചുകിട്ടുക എന്നതുപോലെ തന്നെ ഇടതുപക്ഷ പാർടികളുടെ ദൃഷ്ടിയിൽ പ്രധാനവും പ്രസക്തവുമാണ് ദേശീയ ഐക്യം.

ഇന്ത്യയടക്കം പിന്നണി രാജ്യങ്ങളെ മുഴുവൻ ആക്രമിക്കുകയും കൊള്ളയടിക്കുകയും ചെയ്യുന്ന സാമ്രാജ്യാധിപത്യത്തെ ഫലപ്രദമായി നേരിടണമെങ്കിൽ ഇന്ത്യ ഒരേകീകൃത രാജ്യമായി തുടരുകതന്നെവേണം.

അങ്ങേയററം പിന്നണിയിൽ കിടക്കുന്ന ഇന്ത്യൻ സമ്പദ് വ്യവസ്ഥയെയും സാംസ്കാരിക സംവിധാനങ്ങളെയും ആധുനികവൽകരിക്കുന്നതിനും സുശക്തമായ ഒരു കേന്ദ്രമുണ്ടാവണം.

അത്തരമൊരു സുശക്തകേന്ദ്രത്തിന്റെ ചട്ടക്കൂടിനകത്ത് സംസ്ഥാനങ്ങൾക്ക് വിപുലമായ പ്രാദേശിക സ്വയംഭരണാധികാരം ഉണ്ടാവുകയും വേണം.

ഈ അടിസ്ഥാനത്തിൽ കേന്ദ്ര - സംസ്ഥാന ബന്ധങ്ങൾ പൊളിച്ചെഴുതാനാണ് ഇടതുപക്ഷ പാർടികളും അവരോടൊപ്പം നിൽകുന്ന മതനിരപേക്ഷ - ജനാധിപത്യ പാർടികളും പ്രതിപക്ഷപാർടികളും ശ്രമിക്കുന്നത്.

ഇതിനു കടകവിരുദ്ധമായ സമീപനമാണ് കേരളകോൺഗ്രസിന്റേത്. അവരിൽ പലരുടെയും പ്രസംഗങ്ങൾ തികച്ചും കേന്ദ്രവിരുദ്ധമാണ്. പക്ഷെ, പ്രവൃത്തി കേന്ദ്രഭരണകക്ഷിയുമായി ചങ്ങാത്തം കൂടലാണുതാനും. ഈ വൈരുധ്യം അവസാനിപ്പിച്ച് സംസ്ഥാനങ്ങളുടെ ന്യായമായ അവകാശങ്ങളെയും കേന്ദ്രത്തിന്റെ അധികാരപദവികളെയും കൂട്ടിയിണക്കുന്ന ഒരു സമീപനം അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ രാജീവ് കോൺഗ്രസു

മായി കേരളത്തിലുള്ള കൂട്ടുകെട്ട് അവസാനിപ്പിക്കുകയും ചെയ്താൽ കേരളകോൺഗ്രസ് എന്ന പദം സൂചിപ്പിക്കുന്നതു പോലെ ഇവിടെ പ്രവർത്തിക്കുന്ന ഒരു സ്വതന്ത്ര രാഷ്ട്രീയകക്ഷിയായി അവർക്ക് തുടരാൻ കഴിയും.

ഇതവസാനിപ്പിക്കുന്നതിനുമുമ്പ് കേരള കോൺഗ്രസിന്റെ മററൊരു സവിശേഷ സ്വഭാവംകൂടി പരാമർശിക്കേണ്ടതുണ്ട്. ആ പാർടിക്ക് ക്രിസ്ത്യൻ പള്ളികളുമായുള്ള അടുത്ത ബന്ധമാണ് ഇവിടെ സൂചിപ്പിക്കുന്നത്. പള്ളിയുടെ ഒരു രാഷ്ട്രീയ അനുബന്ധമാണെന്ന പ്രതീതി ഉളവാകുംവിധത്തിലാണ് കേരള കോൺഗ്രസ് പ്രവർത്തിക്കുന്നത്, അത് നിർത്തിയിട്ടില്ലെങ്കിൽ മതനിരപേക്ഷതയുടെ അടിസ്ഥാനത്തിൽ വളർന്നുകൊണ്ടിരിക്കുന്ന കേരള രാഷ്ട്രീയത്തിൽ ആ പാർടിക്ക് സ്ഥാനമുണ്ടാവുകയില്ല.

## ജാതിരാഷ്ട്രീയം ഇന്നും നാളെയും

ഐക്യ ജനാധിപത്യ മുന്നണിയിലെ മൂന്നു പ്രധാന ഘടകകക്ഷികളെ മാത്രമേ മുൻ ലേഖനങ്ങളിൽ പരാമർശിച്ചുള്ളു. അവക്കുപുറമെ ജാതിയെ ആസ്പദമാക്കിയ ഏതാനും പാർടികൾകൂടി മുന്നണിയിലുണ്ട്. അവയിൽ വെച്ചേററവും വലുത് സവർണ ജാതിക്കാരുടെ എൻ ഡി പി, അവർണരുടെ എസ് ആർ പി എന്നിവയാണ്. ഈ രണ്ടു പാർടികൾക്കും മുസ്ലിം ലീഗിനും കിട്ടിയ അംഗീകാരം മററു ചില കൊച്ചുജാതി പാർടികളെക്കൂടി രംഗത്തിറക്കാൻ സഹായിച്ചു.

പക്ഷെ, എൻ ഡി പി യും എസ് ആർ പി യും അടക്കമുള്ള എല്ലാ ജാതിപാർടികളും മിക്കവാറും നാമാവശേഷമായി വരികയാണ്. അതിനു രണ്ടു കാരണമുണ്ട്.

ഒന്നാമത്, ഈ പാർടികൾ പ്രതിനിധാനം ചെയ്യുന്ന

ജാതികരം ഓരോന്നിലും ജാതി രാഷ്ട്രീയത്തിന്നതീതമായി വലതുപക്ഷത്തോ ഇടതുപക്ഷത്തോ ഉള്ള മററു രാഷ്ട്രീയ പാർടികളിൽ ചേരാനാഗ്രഹിക്കുന്നവരുടെ എണ്ണം പെരുകി വരികയാണ്. ഉദാഹരണത്തിന്, സവർണ ജാതികളെ പ്രതിനിധാനം ചെയ്യുന്നുവെന്നവകാശപ്പെടുന്ന എൻ ഡി പിയിൽ ഉള്ളതിനേക്കാരം എത്രയോ കൂടുതൽ സവർണർ രാജീവ് കോൺഗ്രസിലും കമ്യൂണിസ്ററ് പാർടികളിലും ആർ എസ് പി യിലും ജനതാദളിലും അംഗങ്ങളായുണ്ട്. അതുപോലെ എസ് ആർ പി യിൽ ഉള്ളതിനേക്കാരം എത്രയോ കൂടുതൽ അവർണജാതിക്കാർ ജാതിരാഷ്ട്രീയത്തിന്നതീതമായ പാർടികളിലുണ്ട്. ജാതിപാർടികളും അവയുടെ രാഷ്ട്രീയവും പതുക്കെപ്പതുക്കെ നാമാവശേഷമായി വരികയാണെന്നർഥം.

രണ്ടാമത്, നഷ്ടപ്പെട്ട അധികാരം വീണ്ടെടുക്കുന്നതിനുവേണ്ടി ഈ ജാതിരാഷ്ടീയപാർടികളെ കൂട്ടുപിടിക്കാൻ ശ്രമിച്ച കോൺഗ്രസിനു തന്നെ ഈ ജാതിരാഷ്ടീയ പാർടികളുടെ കച്ചവടരാഷ്ട്രീയം ഒരു ബാധ്യതയായി തോന്നിത്തുടങ്ങി. അവയെ ഘടകകക്ഷികളെന്ന നിലക്ക് തഴഞ്ഞ് അവയിലെ സജീവമെമ്പർമാരെ കോൺഗ്രസുകാരാക്കി മാററുക എന്ന തന്ത്രം ആ പാർടി അംഗീകരിച്ചു. അതിൻെറ ഫലമായി സവർണകോൺഗ്രസുകാർ, അവർണകോൺഗ്രസുകാർ, രണ്ടു വിഭാഗത്തിലുംപെട്ട വിവിധ ജാതികളിൽ പെട്ട കോൺഗ്രസുകാർ എന്നിവർ ചേർന്ന ഒരു അവിയൽ സംഘടനയാണ് കോൺഗ്രസ് എന്ന സ്ഥിതിവന്നു. കോൺഗ്രസിന്കിട്ടിയ ഈ സ്വഭാവത്തോടൊപ്പം ജാതിരാഷ്ടീയം കൈകാര്യം ചെയ്യുന്ന പാർടികരം ഔപചാരികമായി ഇല്ലാതാവുന്ന സ്ഥിതിയും വരാൻ തുടങ്ങി.

എങ്കിലും, ജാതിരാഷ്ട്രീയം ഇല്ലാതായെന്നോ ഇല്ലാതാവാൻ തുടങ്ങിയിരിക്കുന്നു എന്നുപോലുമോ പറയാൻ സാധ്യമല്ലാത്ത സ്ഥിതിയാംനിന്നുള്ളത്. എന്തുകൊണ്ടെന്നാൽ ജാതിചിന്ത നശിച്ചിട്ടില്ല, അത് ശക്തിയായി തുടരുകയാ

ണ്. സാമൂഹ്യജീവിതത്തിൽ ജാതിയുടെ സ്വാധീനം കുറഞ്ഞ് കുറഞ്ഞു വരികയാണെങ്കിലും രാഷ്ട്രീയജീവിതത്തിൽ അത് തുടരുകതന്നെയാണ്.

ഇതിൻെറ ഏററവും വലിയ തെളിവാണ് എൻ ഡി പി ഉയർത്തുന്ന സാമ്പത്തിക സംവരണം, എസ് ആർ പി യുടെ ജാതിസംവരണം എന്ന പരസ്പരവിരുദ്ധ മുദ്രാവാക്യങ്ങൾ. അവയിലോരോന്നിനെയും മുറുകെപ്പിടിച്ചുകൊണ്ട് പ്രക്ഷോഭം നടത്തുന്ന പാർടികൾ സംഘടനാപരമായി ഇല്ലാതാവുകയാണെങ്കിലും ആ ആവശ്യങ്ങൾകുവേണ്ടി വാദിക്കുന്നവർ കോൺഗ്രസിനകത്തുതന്നെ വളരെയുണ്ട്. അവരും കോൺഗ്രസും വെളിയിലുള്ളവരും ചേർന്ന് ഈ രണ്ട് മുദ്രാവാക്യങ്ങളേയും ആസ്പദമാക്കി ജനങ്ങളെ ഇളക്കിവിടുകയാണ്.

ഇതിന് ആക്കംകൂട്ടും വിധത്തിലാണ് അഖിലേന്ത്യാ രാഷ്ട്രീയം നീങ്ങിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ എസ് ആർ പി ഉയർത്തുന്ന ജാതിസംവരണത്തെ ആസ്പദമാക്കിയ ഒരു റിപ്പോർട് അഖിലേന്ത്യാതലത്തിൽ മണ്ഡൽകമ്മിഷൻ ഗവൺമെൻെറിന് സമർപിച്ചിട്ടുണ്ട്. അത് നടപ്പിലാക്കണമെന്ന ആവശ്യം ജനതാദളത്തെപ്പോലുള്ള രാഷ്ട്രീയ പാർടികളും വിവിധസംസ്ഥാനങ്ങളിലെ ജാതിസംഘടനകളും ഉയർത്തിയിട്ടുണ്ട്. ആ ആവശ്യത്തെ ശക്തിയായി എതിർകുന്ന സംഘടനകളും അഖിലേന്ത്യാതലത്തിലുണ്ട്. ഈ രണ്ട് വിഭാഗങ്ങളും തമ്മിൽ അഖിലേന്ത്യതലത്തിൽ നടക്കുന്ന സംഘട്ടനം കേരളത്തെയും സ്വാഭാവികമായി ബാധിക്കും.

എന്നാൽ, ഇക്കാര്യത്തിൽ അഖിലേന്ത്യാ രാഷ്ട്രീയസ്ഥിതിയും കേരളത്തിലേതും തമ്മിൽ ഒരു പ്രധാന വ്യത്യാസമുണ്ട്: ജാതിസംവരണവും സാമ്പത്തികസംവരണവും തമ്മിൽ നടക്കുന്ന പോരാട്ടത്തിലിടപെട്ട് രണ്ടിനെയും ശക്തിയായെതിർകുന്ന ഒരു രാഷ്ട്രീയശക്തി കേരളത്തിൽ രൂപപ്പെട്ടിട്ടുണ്ട്. പശ്ചിമ ബംഗാളിലടക്കം മററുചില

സംസ്ഥാനങ്ങളിലും ഈ രാഷ്ട്രീയശക്തി രംഗത്തുണ്ടെങ്കിലും ഇന്ത്യയുടെ ഭൂരിഭാഗം സംസ്ഥാനങ്ങളിലും അത് വളരെ വളരെ ദുർബലമാണ്. അതുകൊണ്ട് മണ്ഡൽ കമ്മിഷൻ റിപ്പോർട് നടപ്പിലാക്കണമെന്ന ആവശ്യത്തിന് കേരളത്തെ അപേക്ഷിച്ച് കൂടുതൽ ബഹുജന പിന്തുണ അഖിലേന്ത്യാതലത്തിൽ ഉണ്ടാവും. അത് കേരളത്തിലെ അവർണ ജാതി സംഘടനകളിലും സ്വാധീനം ചെലുത്തുകയും ചെയ്യും. അതുകൊണ്ട് ഈ പ്രശ്നവും അതുയർത്തുന്ന അവർണജാതി സംഘടനകളും സംബന്ധിച്ച വസ്തുതകളും രാഷ്ട്രീയ നിലപാടും പരിശോധനക്ക് വിധേയമാക്കേണ്ടിയിരിക്കുന്നു.

1. ഇന്ത്യയെപ്പോലെ ജാതിമേധാവിത്വത്തിന്നടിമപ്പെട്ട ഒരു രാജ്യത്ത്—ആ സ്ഥിതി മൂർഛിച്ച നിലയിലെത്തിയിട്ടുള്ള കേരളത്തിൽ വിശേഷിച്ചും—സംവരണം ഒരു പ്രധാന പ്രശ്നമാണ്. അവശജാതിക്കാർക്ക് വിദ്യാലയങ്ങളിലും ഗവൺമെൻറ് ഉദ്യോഗത്തിലും സംവരണംകിട്ടണമെന്നത് ന്യായമായ ആവശ്യമാണ്. ഇടതുപക്ഷപാർടികൾ അതിന് പിന്തുണനൽകുന്നു.

2. പക്ഷെ, അവശജാതിക്കാരുടെ ജീവിതപ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഒററമൂലിയല്ല സംവരണം. ആ ജാതികളിൽപെട്ട ഒരു ചെറിയ ന്യൂനപക്ഷത്തിന് മാത്രമേ സംവരണംകൊണ്ട് ഗുണംകിട്ടുകയുള്ളു. ആ സമുദായങ്ങളിലെ ബഹുഭൂരിപക്ഷം തൊഴിലാളി - കർഷകാദി അധ്വാനിക്കുന്ന ബഹുജനങ്ങളാണ്. ജീവിതത്തിനുവേണ്ടി പോരാടുന്ന ജനവിഭാഗങ്ങളെന്ന നിലക്ക് അവരെ സംഘടിപ്പിച്ച് ദൈനംദിന ആവശ്യങ്ങൾ നേടിയെടുക്കാൻ ശ്രമിച്ചാൽ മാത്രമെ അവശജാതിക്കാരടക്കമുള്ള ബഹുജനങ്ങളുടെ ജീവിതനിലവാരം ഉയരുകയുള്ളു.

3. അവശജാതികളിൽ പെട്ടവരും അല്ലാത്തവരുമായ ബഹുജനങ്ങൾക്ക് നേടിയെടുക്കാനുള്ള അവകാശങ്ങൾക്കു

J931



വേണ്ടി പോരാടണമെങ്കിലാവട്ടെ എല്ലാ സമുദായങ്ങളിലുംപെട്ട അധ്വാനിക്കുന്ന ബഹുജനങ്ങളുടെ പൊരുതുന്ന പൊതുസംഘടനകൾ രൂപപ്പെടുത്തുകയും അവരുടെ നേതൃത്വത്തിൽ സമരങ്ങൾ സംഘടിപ്പിക്കുകയും വേണം. അവശജാതിക്കാരെ മററ് ബഹുജനങ്ങളിൽ നിന്ന് വേർതിരിച്ചുനിർത്തുന്ന ജാതിരാഷ്ട്രീയം അവസാനിപ്പിക്കണമെന്നർഥം.

4. ഈ കാഴ്ചപ്പാടോടെ പരിശോധിക്കുമ്പോൾ അവശജാതിക്കാർക് സംവരണമെന്ന ആവശ്യം ന്യായമാണെന്ന് മററ് സമുദായങ്ങളിൽപെട്ട ബഹുജനങ്ങളെ ബോധ്യപ്പെടുത്തണം. സംവരണത്തെ എതിർകാനുള്ള മുന്നോക്കജാതിസംഘടനകളുടെ പ്രവണതയെ ശക്തിയായി എതിർകണമെന്നർഥം.

5. അതേ അവസരത്തിൽ അവശജാതിക്കാരുടെ ജീവിതപ്രശ്നങ്ങൾ പരിഹരിച്ചുകിട്ടാനുള്ള ഒററമൂലിയാണ് സംവരണമെന്ന നിലപാടിൽനിന്ന് അവശജാതികളിൽപെട്ട ബഹുജനങ്ങളെ രക്ഷപ്പെടുത്തണം.

6. ഇരുവിഭാഗങ്ങളിലുംപെട്ട അധ്വാനിക്കുന്ന ബഹുജനങ്ങളെ യോജിപ്പിക്കുംവിധം നിലവിലുള്ള സംവരണം നിലനിർതുക, സംവരണത്തേക്കാൾ പ്രാധാന്യമുള്ള മററ് ജീവിതപ്രശ്നങ്ങളിൽ ഊന്നിനിന്നുകൊണ്ട് പൊരുതുന്ന ജനവിഭാഗങ്ങളുടെ സമരപരമായ ഐക്യം ഊട്ടിയുണ്ടാക്കുക എന്ന സമീപനം പുരോഗമനരാഷ്ട്രീയം മുറുകെപ്പിടിക്കുന്ന എല്ലാ സംഘടനകളും പാർടികളും അംഗീകരിക്കണമെന്നർഥം.

ഈ കാഴ്ചപ്പാടോടെയാണ് സി പി ഐ (എം) ഉം മററ് ഇടതുപക്ഷ പാർടികളും കേരളത്തിലും അഖിലേന്ത്യാതലത്തിലും പ്രവർത്തിക്കുന്നത്. മതചിന്തയും മതസംഘടനകളുമെന്നപോലെ ജാതിചിന്തയും ജാതിസംഘടനകളും ചേർന്ന് ജനങ്ങളെ ഭിന്നിപ്പിക്കുന്ന ഇന്നത്തെ സ്ഥിതി അവസാനിപ്പിക്കാൻ ശ്രമിക്കുകയാണു വേണ്ടത്.

★

## മാർക്സിസ്റ്റ് അടിസ്ഥാന ഗ്രന്ഥങ്ങൾ

| | |
|---|---|
| കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ — മാർക്സ്, എംഗൽസ് | 5. 00 |
| കമ്യൂണിസത്തെപ്പററി 12 ചോദ്യങ്ങൾ — സ്റ്റാലിൻ | 3. 00 |
| കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉദ്ഭവം — എംഗൽസ് | |
| കമ്യൂണിസത്തിന്റെ മൂലതത്വങ്ങൾ — എംഗൽസ് | 2. 50 |
| ലെനിനെപ്പററി — സ്റ്റാലിൻ | 2. 00 |
| എങ്ങനെ നല്ല കമ്യൂണിസ്റ്റാകാം — ലൂ ഷാവ്ക്വി | 10. 00 |
| കാൾ മാർക്സ് — ലെനിൻ | 3. 00 |
| എന്താണ് മാർക്സിസം — എമിൽ ബേൺസ് | 10. 00 |
| അധ്വാനത്തിന്റെ പങ്ക് — എംഗൽസ് | 2. 00 |
| തൊഴിലാളികളോട് — എംഗൽസ് | 1. 50 |
| പാർടി — സ്റ്റാലിൻ, ദിമിത്രോവ്, കഗനോവിച്ച്, ലെനിൻ | 4. 00 |
| സംഘടനാ നേതൃത്വം — സ്റ്റാലിൻ | 1. 25 |
| ഭരണകൂടം — ലെനിൻ | 1. 25 |
| എങ്ങനെ പഠിക്കണം? എങ്ങനെ നയിക്കണം? മൗ സെ ദോങ് | 1. 50 |
| വൈരുധ്യാത്മകവും ചരിത്രപരവുമായ ഭൗതികവാദം—സ്റ്റാലിൻ | 2. 00 |
| ഉൾപാർടി സമരം — ലു ഷാവ് ക്വി | 4. 00 |
| വിപ്ലവകാരികളുടെ സദാചാരം | 1. 50 |
| അസ്തിത്വവും ചേതനയും | 2. 00 |
| കേഡർനയം — ചെൻ യു | 1. 00 |
| വിപ്ലവതന്ത്രത്തിന്റെ പ്രശ്നങ്ങൾ — ലെ ദുവാൻ | 1. 50 |
| അർഥശാസ്ത്രം — ഇ എം എസ് | 2. 00 |
| മാർക്സിസത്തിന്റെ ബാലപാഠം — ഇ എം എസ് | 2. 50 |
| കാൾമാർക്സ് പുതുയുഗത്തിന്റെ വഴികാട്ടി — ഇ എം എസ് | 2. 50 |

## വായിക്കുക ! പ്രചരിപ്പിക്കുക !

പാർടി പരിപാടി

സി പി ഐ (എം) പരിപാടിയെപ്പററി — എം ബസവപുന്നയ്യ

ട്രേഡ്‌യൂണിയൻ മുന്നണിയിലെ കടമകാം

ദേശീയോദ്ഗ്രഥനത്തെപ്പററി

എസ് എഫ് ഐ പരിപാടിയും ഭരണഘടനയും

പതിമൂന്നാം പാർടി കോൺഗ്രസ് രാഷ്ട്രീയപ്രമേയം

സോഷ്യലിസവും മനുഷ്യനും — ചെഗുവേര

ഫാസിസത്തെപ്പററി

സോഷ്യലിസത്തിൻെറ അർഥശാസ്ത്രം — ഓസ്കർ ലാൻഗെ

ലക്ഷ്യവും മാർഗവും — ഹവാർഡ് സെൽസാം

ചരിത്രം എന്നെ കുററക്കാരനല്ലെന്നു വിധിക്കും — ഫിദൽ കാസ്ട്രൊ

നവംബറിലെ പാട്ടുകാം

ഫാസിസത്തിനെതിരായ ഐക്യമുന്നണി — ദിമിത്രോവ്

ബാലസംഘം എന്ത് ? എന്തിന് ?

കയ്യൂർ സമരചരിത്രം — വി വി കുഞ്ഞമ്പു

കയ്യൂരും കരിവെള്ളൂരും — എ വി കുഞ്ഞമ്പു

ഉയർത്തെഴുന്നേൽപിൻെറ ആദ്യനാളുകാം — പി ആർ ജനാർദനൻ

കമ്യൂണിസ്റ്റുകാരൻെറ കുടുംബ ബന്ധങ്ങാം — ഇ കെ നായനാർ

ആലുവാപ്പുഴ പിന്നെയും ഒഴുകി — പയ്യപ്പിള്ളി ബാലൻ

---

**ചിന്ത പബ്ലിഷേഴ്സ്**
തിരുവനന്തപുരം – 14

# ഐക്യ ജനാധിപത്യ മുന്നണി ഗതികേടിൽ

ഇ എം എസ് നമ്പൂതിരിപ്പാട്

320-954
AIK

ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്)
കേരള സംസ്ഥാന കമ്മിററി
തിരുവനന്തപുരം
വില : 2 രൂപ